# ‘കർത്താവിന്റെ സാക്ഷി’

സങ്കീർത്തനം 126:2

‘‘അന്നു ഞങ്ങളുടെ വായിൽ ചിരിയും ഞങ്ങളുടെ നാവിന്മേൽ ആർപ്പും നിറഞ്ഞിരുന്നു. യഹോവ അവരിൽ വങ്കാര്യങ്ങളെ ചെയ്തിരിക്കുന്നു എന്നു ജാതികളുടെ ഇടയിൽ അന്നു പറഞ്ഞു.’’

സങ്കീർത്തനം തുടങ്ങുന്നതു തന്നെ ‘യഹോവ സീയോന്റെ പ്രവാസികളെ മടക്കി വരുത്തിയപ്പോൾ’ എന്നു പറഞ്ഞുകൊണ്ടാണ്. ഇസ്രായേൽ ജനത വളരെ സന്തോഷത്തിലും ആശ്ചര്യത്തിലും ആയിരുന്നു, കാരണം ദൈവം അവരെ പ്രവാസത്തിൽ നിന്നു മടക്കിക്കൊണ്ട് വരികയാണ്, അതു മൂലം അവർക്ക് തങ്ങളുടെ സന്തോഷം സഹിക്കവയ്യാതെ യഹോവയോട് അവർ അവന്റെ നിർവ്യാജമായ സ്നേഹത്തെപ്രതി അതു പ്രകടിപ്പിക്കുന്നു. കാരണം 70 വർഷത്തെ പ്രവാസം കഴിഞ്ഞ് അവർ സ്വന്തനാട്ടിലേക്ക് മടങ്ങിപ്പോകുന്നു. ഇതിൽ കൂടുതൽ സന്തോഷിക്കുവാൻ അവരെ സംബന്ധിച്ച് വേറെകാരണം വല്ലതും വേണോ. ഇസ്രായേല്യരെ; തന്റെ സ്നേഹവും സംരക്ഷണവും വെളിപ്പെടുത്തുന്ന പ്രതീകങ്ങളായും, അവരുടെ പ്രവാസത്തിൽ നിന്നുള്ള മടങ്ങിവരവ്; ജാതികളോടുള്ള ദൈവത്തിന്റെ വലിയ സാക്ഷ്യമായും നിൽക്കുന്നു.

ഈ വചനം നമ്മെ പഠിപ്പിക്കുന്നതെന്താണ്? ക്രിസ്തുവിൽ വിശ്വാസികളെന്നും അതോടൊപ്പം ദൈവത്തിന്റെ മക്കൾ എന്നും അവകാശപ്പെടുന്ന നമ്മൾ ഓരോരുത്തരും നമ്മുടെ തന്നെ ജീവിതത്തിലേക്ക് നോക്കിയാൽ തീർച്ചയായും അവന്റെ സ്നേഹവും സംരക്ഷണവും കാണാൻ കഴിയും; പക്ഷെ നമുക്ക് ഇന്ന് അതിൽ സന്തോഷിക്കുവാൻ സാധിക്കുന്നുണ്ടോ? നമ്മുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് നോക്കാതെ, അവൻ നമ്മെ അതിരുകളില്ലാത്ത അനുഗ്രഹങ്ങളാൽ നിറച്ചിരിക്കുന്നു; കാരണം തന്റെ ഏകജാതനായ പുത്രനെ ക്രൂശിൽ മരണത്തിന്നു ഏൽപ്പിച്ച് മൂന്നാം ദിവസം അവനെ ഉയിർപ്പിക്കുക വഴി നമ്മെ നിത്യമായ മരണത്തിൽ നിന്നു വിടുവിക്കുകയാണവൻ ചെയ്തത്.

ഓരോ ദിവസവും രാവിലെ ഉറക്കമുണരുമ്പോൾ നമുക്ക് സന്തോഷിപ്പാനുള്ള കാരണമാണിത്. അവൻ നമ്മെ തന്റെ പുത്രനിലൂടെ വീണ്ടെടുത്തു, അതു മൂലം അവനെ ആരാധിപ്പാനും സ്തുതിപ്പാനും നമുക്ക് ധാരാളം കാരണങ്ങൾ ഉണ്ട്, മറ്റുള്ളവരോട് പറയുവാൻ അനേകം സാക്ഷ്യങ്ങളുണ്ട്. ഒന്നു ചിന്തിച്ചു നോക്കിയേ കർത്താവിനെ അറിയാത്ത ഒരാളോട് നാം നമ്മുടെ ജീവിതത്തിലെ അനുഭവങ്ങളിലൂടെയും സാക്ഷ്യങ്ങളിലൂടെയും കർത്താവിനെ പകർന്നു കൊടുക്കുന്നത്. നമുക്ക് നമ്മുടെ

കർത്താവിലുള്ള സന്തോഷം അവർ കാണുമ്പോൾഅവരുടെ ഹൃദയത്തിലും ഒരു തോന്നലുണ്ടാകും തങ്ങളുടെ ജീവിതത്തിലും, ഈ കർത്താവിലും അവന്റെ അനുഗ്രഹങ്ങളിലും ഒന്നു സന്തോഷിക്കുവാൻ. അതു വഴി അവർക്ക് കർത്താവിനെ പകർന്ന് കൊടുക്കാനും അവന്റെ സന്തോഷത്തിൽ പങ്കാളികളാക്കാനും കഴിയും.

നെഹെമ്യാവു 8:10-ൽ പറയുന്നു "യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നു". ഇന്നത്തെ ലോകത്തിലേക്ക് നോക്കിക്കഴിഞ്ഞാൽ നമുക്കു കാണാം ലോകം തരുന്ന സന്തോഷവും, സ്നേഹവും, സമാധാനവും ഒന്നും ഒരു നിത്യമായതോ, വിശ്വാസ്യതയുള്ളതോ അല്ല. എങ്ങും നീതികേടും, ന്യായപാലന പരാജയങ്ങളും അങ്ങനെ അതിന്റെ എല്ലാത്തരത്തിലുള്ള മ്ലേച്ഛമായ അവസ്ഥയിലേക്കണ് ഈ ലോകം ഇന്നു പോകുന്നത്. കർത്താവിനെ അറിയാത്തവരും, രക്ഷിക്കപ്പെടാത്തവരുമായവർ, വെറും ശൂന്യതയിൽ തങ്ങളുടെ സന്തോഷവും, സമാധാനവും കണ്ടെത്താൻ ശ്രമിച്ച് പരാജയപ്പെട്ടുകൊണ്ടിരിക്കുന്നു. പക്ഷെ നിത്യമായതെന്തും, അത് സ്നേഹമാകട്ടെ, സന്തോഷമാകട്ടെ, സമാധാനമാകട്ടെ അതുനമ്മുടെ കർത്താവും രക്ഷിതാവുമായ ക്രിസ്തുയേശുവിൽ മാത്രമേ കണ്ടെത്തുവാൻ കഴിയൂ എന്നുള്ള സത്യം നാം മറന്നുപോകരുത്.

ആയതിനാൽ ഈ സത്യത്തെ മറച്ചുവെയ്ക്കാൻ ശ്രമിക്കാതെ നിങ്ങളുടെ തന്നെ ജീവിതത്തിലെ അനുഭവങ്ങളിലൂടെ ലോകത്തിന്നു സാക്ഷിയായി നിന്നുകൊണ്ട് ആ സത്യത്തെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കാൻ ശ്രമിക്കുക. അതിന്നു ദൈവത്തിന്റെ പരിശുദ്ധറൂഹാ സഹായിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

സങ്കീർത്തനം 68:20

"ദൈവം നമുക്കു ഉദ്ധാരണങ്ങളുടെ ദൈവം ആകുന്നു; മരണത്തിൽ നിന്നുള്ള നീക്കുപോക്കുകൾ കർത്താവായ യഹോവെക്കുള്ളവ തന്നേ."

ബ്രദർ ബിനു ബേബി ആലപ്പുഴ 15